LSGD

തദ്ദേശ സ്വയം ഭരണ വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.
സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030
ഫോൺ: 0484 - 2422219, ഇ-മെയിൽ : jdlsgdekm@gmail.com

---

## തദ്ദേശ സ്വയംഭരണ വകുപ്പ് ഉപജില്ലാതല അദാലത്ത് സമിതി (എറണാകുളം-1) യുടെ 22.11.2024 തീയതിയിലെ 3-ാം നമ്പർ തീരുമാനം.

തൃക്കാക്കര നഗരസഭയിലെ വാർഡ് 9 കുഴിക്കാട്ടുമൂലയിലെ മെഹർബന്റെ അപേക്ഷ, യോഗം പരിഗണിച്ചു. അപേക്ഷകയുടെ കെട്ടിട നിർമ്മാണാനുമതി അപേക്ഷ, അടുത്ത് KSEB ടവർ ലൈൻ ഉണ്ടെന്ന കാരണത്താൽ നിരസിച്ചെന്നാണ് അപേക്ഷയിൽ പറയുന്നത് . 650 Sq.ft ഒരു നില വാസഗ്രഹം നിർമ്മിക്കുന്നതിനാണ് അപേക്ഷിച്ചത്. 2024 ജൂലൈ മാസമാണ് അപേക്ഷ നൽകിയത്. ഇലക്ട്രിക്കൽ ഇൻസ്പെക്ടേറ്റിൽ നിന്നുള്ള NOC ഹാജരാക്കുവാൻ നഗരസഭ ആവശ്യപ്പെട്ടു. 220 KV ലൈനിൽ നിന്ന് 14 മീറ്റർ അകലം Proposed Residential Building ന്റെ മേൽക്കൂരയ്ക്ക് ഉണ്ട്.

തൃക്കാക്കര നഗരസഭയിൽ ശ്രീമതി മെഹർബാൻ കെ.എസ്.ഇ.ബി. NOC യ്ക്കായി സമർപ്പിച്ച അപേക്ഷ 04.07.2024 ൽ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർക്ക് നല്കിയിരുന്നു. എന്നാൽ 27.02.2024 ലെ ബി1-2012/2024/ഇ.ഐ.ഇ കത്ത് പ്രകാരം വൈദ്യുതി ലൈനിന് താഴെ കെട്ടിടം നിർമ്മിക്കുന്നതിന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി റെഗുലേഷൻ 2023 പ്രകാരം നിലവിൽ അനുവദിക്കുന്നില്ലെന്നും റെഗുലേഷൻ 136 പ്രകാരം ബഹു. സർക്കാരിന്റെ നിർദ്ദേശം ലഭിച്ചാൽ മാത്രമെ അനുമതി നൽകാൻ കഴിയുകയുള്ളുവെന്ന് ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചിട്ടുള്ളതാണ്.

2019 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 22(5) ലെ ക്ലിപ്ത നിബന്ധനയിൽ "Provided that single storied building shall be allowed even if the above mentioned clearance is not available, if the applicant produces a No Objection Certificate from the Chief Electrical Inspector" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിബന്ധന പ്രകാരം എൻ.ഒ.സി. ലഭ്യമാക്കിയാൽ അപേക്ഷകയുടെ വാസഗ്രഹത്തിന് നിർമ്മാണാനുമതി നല്കാൻ തടസ്സമില്ല.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി

^ റഗുലേഷൻ 2023 ലെ 136(1) ൽ "The Central Government ~~of~~ or the State Government, as the case may be, by an order in writing, allow deviations in respect of matters referred in these regulations except regulation 32 എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 27.02.2024 ലെ കത്തിൽ പരാമർശിക്കുന്നതുപോലെ ഈ വിഷയത്തിൽ റഗുലേഷൻ 136 പ്രകാരം സർക്കാർ നിർദ്ദേശത്തിനായി ജില്ലാ തല സമിതിയ്ക്ക് കൈമാറുന്നു.

രാജേഷ്.വി.എസ്

കൺവീനർ

തദ്ദേശസ്വയംഭരണ വകുപ്പ്

ഉപജില്ലാതല അദാലത്ത് സമിതി

(സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്)

എറണാകുളം